# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്തചോദ്യം നം. 2217** | **08.07.2015- ൽ മറുപടി.**

## ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

**ചോദ്യം**

ശ്രീ.എം.ഹംസ

(എ) കേരളത്തിൽ ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എന്ന് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്താമോ; ഇതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(ബി) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

**ഉത്തരം**

ശ്രീ. വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) &(ബി) ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി അറിയിക്കുവാനുള്ള കേന്ദ്രത്തിന്റെ നിർദ്ദേശം 20.06.2014-ൽ സർക്കാരിന് ലഭിച്ചു. കേരളത്തിന് 'എയിംസ്' അനുവദിക്കുന്ന വിഷയത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച് സംസ്ഥാന സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്ക് ശേഷം താഴെപറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു:

1) കോഴിക്കോട് ജില്ലയിലെ കിനാലൂർ കാന്തലാട് വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.

2) കോട്ടയം ജില്ലയിലെ ആർപ്പൂക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.

3) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം.

(മറുപുറം....)

4)എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം എന്നിവയാണ് നിലവിൽ 'എയിംസ്' സ്ഥാപിക്കുന്നതിനായി യോജിച്ച പ്രദേശങ്ങളായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിച്ചിട്ടുള്ളത്.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് അതും നൽകിയിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ വിദഗ്ദ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ് എന്ന് ബഹു. കേന്ദ്ര ആരോഗ്യ മന്ത്രി ബഹു. മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ